
# ക്ഷേത്രങ്ങൾ നമുക്ക് ആവശ്യമാണ്



ഡോക്ടർ
കെ. ഭാസ്കരൻനായർ

**പലവഴിക്കുനിന്നും വന്നുകൊണ്ടിരിക്കുന്ന ആപത്തുകളെ അതിജീവിച്ച്, ഹിന്ദുസമുദായത്തിന്റെയും ഹൈന്ദവസംസ്കാരത്തിന്റെയും പൊതുമുതലായി അവശേഷിച്ചിട്ടുള്ള ക്ഷേത്രങ്ങൾക്ക് നിലനില്പുവാൻ സാധിക്കുമോ എന്ന കാര്യത്തിൽ ഭയമുണ്ട്...........**

കോഴിക്കോട്ട് ശ്രീകണ്ഠേശ്വര ക്ഷേത്രത്തിന്റെ വജ്രജൂബിലി ആഘോഷിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നറിഞ്ഞ് അത്യധികം സന്തോഷിക്കുന്നു. പ്രസ്തുതആഘോഷങ്ങൾക്ക് സർവ്വവിജയങ്ങളും ആശംസിക്കുന്നതോടൊപ്പം ക്ഷേത്രങ്ങളെ സംബന്ധിക്കുന്ന ഏതാനും ചില കാര്യങ്ങൾകൂടി പറഞ്ഞുകൊള്ളട്ടെ.

ക്ഷേത്രങ്ങളോടു മാത്രമല്ല, അവ പ്രതിനിധാനം ചെയ്യുന്ന സംസ്കാരത്തോടും, മതാചാരങ്ങളോടും, അദ്ധ്യാത്മബോധത്തോടു പൊതുവെ തന്നെയും, വൈമുഖ്യം മാത്രമല്ല തീക്ഷ്ണമായ വിരോധവും പ്രത്യക്ഷപ്പെട്ടിട്ടുള്ള കാലമാണിത്. അന്യമതക്കാരെക്കുറിച്ചുള്ള ദുഃസൂചനയാണ് ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നതെന്ന് ആരും തെററിദ്ധരിക്കുകയില്ലെന്നു കരുതുന്നു. എല്ലാ മതസ്ഥാപനങ്ങൾക്കും വന്നിരിക്കുന്ന ഗതികേടാണിത്. രാഷ്ട്രീയ പുരോഗതിയുടെ പേരിലും, സാമ്പത്തികപരിപാടികളുടെ പേരിലും, സയൻസിന്റെ പേരിലും, യുക്തിവാദത്തിന്റെ പേരിലും, പ്രകടമാകുന്ന വിരോധത്തെപ്പററിയാണ് പറയുന്നത്. ഇതു് കൊടുമ്പിരിക്കൊണ്ട് ചില സ്ഥലങ്ങളിൽ ശാന്തിക്കാരുടെയും കഴകക്കാരുടെയും പ്രത്യക്ഷസമരസന്നാഹം വരെ എത്തിയിട്ടുള്ളതായി കേൾക്കുന്നു.

ക്ഷേത്രങ്ങൾക്ക് ഈ പ്രയാസം മാത്രമല്ല സഹിക്കേണ്ടി വന്നിരിക്കുന്നത്. സാമ്പത്തിക നയം, ഭൂപരിഷ്കരണനിയമം എന്നിവയുടെ ഫലമായി പല ക്ഷേത്രങ്ങളുടെയും ആദായമാർഗ്ഗം അടഞ്ഞുപോയിരിക്കുന്നു. അററകുററപ്പണികൾക്കോ, നിത്യനിദാനത്തിനുപോലുമോ, വകയില്ലാതെ അവയെല്ലാം അടച്ചിടുകയേ നിവൃത്തിയുള്ളു എന്ന സ്ഥിതി വന്നിട്ടുണ്ട്. ക്രമേണ ഈ പുരാതന സ്ഥാപനങ്ങൾ ജീർണ്ണിച്ച് നശിക്കുന്നതു കാണുമ്പോൾ എടുപ്പുകളെല്ലാം പൊളിച്ചുകളയുകയാണ് ഭേദം എന്ന അഭിപ്രായമുണ്ടാകും.

ഇതിനൊക്കെമുമ്പുതന്നെ ഭയാനകമായ മറെറാരു ആപത്തിനെ നേരിടേണ്ടിയിരിക്കുന്നു. അതു് ക്ഷേത്രങ്ങളിലെ കലാവസ്തുക്കളുടെ നിരന്തരമായ അപഹരണമാണ്. നമ്മുടെ രാജ്യത്തു് ഇവയുടെ ആവശ്യത്തെക്കുറിച്ചുള്ള ബോധവും, ഇതെല്ലാം സംരക്ഷിക്കേണ്ടതാണെന്നുള്ള ആഗ്രഹവും, അതിശീഘ്രം ക്ഷയിച്ചുവരികയാണെങ്കിലും അന്യരാജ്യക്കാർക്ക് ഇവയുടെ



Digitized by Kerala Sahitya Akademi

നേക്കു് എന്തെന്നില്ലാത്ത അഭിനിവേശം ഉണ്ടായിരിക്കുകയാണു്. വിഗ്രഹങ്ങളും കൊത്തുപണികളും മാത്രമല്ല, ഒരു സൗന്ദര്യവുമില്ലാത്ത കിണ്ടിയും കിണ്ണവും മരക്കഷണങ്ങളും എന്തു വിലകൊടുത്തും വാങ്ങുവാൻ അവർ തയ്യാറായിരിക്കുന്നു. ദുരാഗ്രഹികൾക്കു് കൊള്ളലാഭം നേടുവാനുള്ള സുവർണ്ണാവസരമാണു് ഇതുമൂലം കൈവന്നിരിക്കുന്നതു്. നിയമം കൊണ്ടും, ഔദ്യോഗിക നിയന്ത്രണം കൊണ്ടും ഒന്നും ഈ കൊള്ളയെ തടയുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഭക്തജനങ്ങൾ എത്രയോ തലമുറകളായി ആരാധിച്ചുവരുന്ന പ്രതിഷ്ഠകളെ അവയുടെ പീഠത്തോടൊപ്പം ഇളക്കിയെടുത്തു് വില്ക്കുവാനും ആളുകൾ മടിക്കുകയില്ല. ധനം മാത്രമേ ആരാധ്യമായുള്ളു എന്നു വന്നാൽ പിന്നെ എന്താണു് നടക്കാത്തതു്?

ഇന്നത്തെ ഈ പ്രവണതകൾ തുടർന്നുപോവുകയാണെങ്കിൽ അധികം താമസിയാതെ പൂജ മുടങ്ങിയ ക്ഷേത്രങ്ങളെങ്കിലും ടൂറിസ്റ്റ്കമ്പനികൾ വാടകയ്ക്കോ, വിലയ്ക്കോ ഏറെറടുത്തു് വിദേശസഞ്ചാരികളെ ആകർഷിക്കുവാനുള്ള കൗതുക കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തിക്കൂടായ്കയില്ല. അമ്പലത്തിൽ കയറണമെന്നു് യാതൊരു താൽപ്പര്യവും പ്രദർശിപ്പിക്കാത്ത അന്യമതക്കാരുടെ വക്കാലത്തു് സ്വയം ഏറെറടുത്തു്, പുരോഗമനവാദികളെന്നു പറയുന്ന ചില ഹിന്ദുക്കൾ ക്ഷേത്രങ്ങൾ എല്ലാവർക്കും തുറന്നുകൊടുക്കണമെന്നു് ശാഠ്യം പിടിക്കുന്നതു് ഈ പരിവർത്തനത്തിന്റെ ആദ്യത്തെ പടിയാണു്. ആരാധനാകേന്ദ്രങ്ങളെന്ന ക്ഷേത്രങ്ങളുടെ പ്രാഥമികസ്വഭാവത്തെ നശിപ്പിക്കുക എന്നതാണു് ഈ വിശാലഹൃദയക്കാരുടെ ഗൂഢോദ്ദേശം. ഇവരിൽച്ചിലർ ഉടുപ്പിട്ടുകൊണ്ടു് അമ്പലത്തിൽ പ്രവേശിക്കുന്നതിനു വേണ്ടി ഒരു പ്രക്ഷോഭണം തുടങ്ങുവാൻ അടുത്ത കാലത്തു് ആഹ്വാനം ചെയ്തതു് പലരും ഓർമ്മിക്കുന്നുണ്ടാവും. ദുർഗ്ഗന്ധവും വൃത്തികേടും സഹിക്കേണ്ടിവന്നാലും ക്ഷേത്രാചാരത്തെ അവഹേളിക്കാമല്ലൊ എന്ന ദുർബുദ്ധിയാണു് അതിൽ തെളിഞ്ഞുകണ്ടതു്.

ഇങ്ങനെ പല വഴിക്കുനിന്നും വന്നുകൊണ്ടിരിക്കുന്ന ആപത്തുകളെ അതിജീവിച്ചു്, ഹിന്ദുസമുദായത്തിന്റെയും ഹൈന്ദവ സംസ്കാരത്തിന്റെയും പൊതുമുതലായി അവശേഷിച്ചിട്ടുള്ള ക്ഷേത്രങ്ങൾക്കു നിലനില്ക്കുവാൻ സാധിക്കുമോ എന്ന കാര്യത്തിൽ ഭയമുണ്ടു്. ഓരോ വ്യക്തിയുടെയും ഭൗതികമായ ആവശ്യങ്ങൾ മാത്രമെ പരിഗണിക്കേണ്ടതുള്ളു എന്ന തത്വജ്ഞാനമാണു് ആധുനിക ലോകം അംഗീകരിച്ചിരിക്കുന്നതു്. വ്യക്തിയുടെ താൽപര്യങ്ങൾക്കു് അതീതമായി, എല്ലാവർക്കും മാനിക്കത്തക്കതായി എന്തെങ്കിലും വേണമെന്നോ, ഉണ്ടെന്നുതന്നെയോ, ആരും വിശ്വസിക്കുന്നില്ല. താനും തന്റെ ജീവിതവും, അത്രതന്നെ. അതിനപ്പുറം ഒന്നുമില്ല. ഈ സങ്കല്പം വേരുറയ്ക്കുമ്പോൾ ദേവാലയങ്ങൾ മാത്രമല്ല, ഭരണാലയങ്ങളും, വിദ്യാലയങ്ങൾ പോലും, നിലനില്ക്കുവാൻ അർഹതയില്ലാത്തവയാണെന്നു് തോന്നുന്നതിൽ അത്ഭുതമില്ല. അങ്ങനെ ഒരു ദുഷ്കാലമാണോ ഇന്ത്യയ്ക്കു് വരാൻ പോകുന്നതെന്നു് ആശങ്ക തോന്നുന്നു.

ഏതായാലും ഇന്നത്തെ ഈ രാഷ്ട്രീയയുഗം ഇന്ത്യയ്ക്കു മാത്രമല്ല, ലോകത്തിനു മുഴുവൻ തന്നെയും, ഒരു മഹാശാപമായിട്ടാണു് പരിണമിച്ചിരിക്കുന്നതെന്നു് പറയാതെ തരമില്ല. മനുഷ്യനെ സ്വാർത്ഥമൂർത്തിയായി വളർത്തിയെടുക്കുവാനും മുഴപ്പിച്ചു കാണിക്കാനും മാത്രമേ അതു് പ്രയോജനപ്പെട്ടിട്ടുള്ളു. ഏതാനും നാളുകൾ ഉദരപൂരണം നടത്തി മണ്ണോടു ചേരുന്ന മാംസപിണ്ഡം മാത്രമാണു് താനെന്നു് ഓരോ വ്യക്തിയെക്കൊണ്ടും വിശ്വസിപ്പിക്കുവാനാണു് അതു് ശ്രമിക്കുന്നതു്. ജന്തുസാധാരണമായ ഈ വിശ്വാസം മനുഷ്യന്റെ അന്തരംഗത്തിൽ താനെ അങ്കുരിക്കുന്നതുമാണു്. ലോകക്ഷേമത്തിനു വേണ്ടിയാണു് ഈ രാഷ്ട്രീയക്കാരെല്ലാം ഇങ്ങനെ നിരന്തരം ബഹളം കൂട്ടുന്നതെന്നു് ശുദ്ധഗതിക്കാരായ മാലോകർ വിശ്വസിച്ച ഒരു കാലം ഉണ്ടായിരുന്നു. അതു് എന്നെന്നേക്കുമായി മറഞ്ഞു കഴിഞ്ഞു. ആ മിഥ്യ ഇനിയും നിലനിത്തുവാൻ സാധ്യമല്ല. പക്ഷേ ലോകത്തിനു്, സ്വാർത്ഥലോഭത്തിൽനിന്നുള്ള മുക്തിയും വ്യക്തികളുടെ ജീവിതമെന്ന സ്വപ്നവിഭ്രമത്തിനു് അല്പമെങ്കിലുമുള്ള ഉപശാന്തിയും ലഭിക്കേണ്ടതു് ഇന്നു് എന്നത്തേക്കാളും കൂടുതൽ ആവശ്യമായി വന്നിരിക്കുകയുമാണു്. മതാചാരങ്ങളുടെയും ആരാധനയുടെയും സാങ്കേതിക വശങ്ങളും ആത്യന്തിക ലക്ഷ്യങ്ങളും വിസ്മരിച്ചാൽ തന്നെയും, ക്ഷേത്രങ്ങൾക്കു് അതിപ്രധാനമായ ഈ ഒരു ധർമ്മം നിവ്വഹിക്കാനുണ്ടെന്നു് വിവേകശാലികൾ സമ്മതിക്കാതിരിക്കുകയില്ല. സ്വാർത്ഥപൂർത്തിക്കും വ്യക്തിഭോഗത്തിനും അതീതമായി ജീവിതത്തിനു് ചില ശാശ്വതഭാവങ്ങളുണ്ടെന്നുള്ള പൂർണ്ണബോധ്യത്തോടെ നമ്മുടെ മുൻതലമുറകൾ ചെയ്ത ഭഗീരഥ പ്രയത്നത്തിന്റെ ഫലങ്ങളാണവ. നിസ്വാർത്ഥ സേവനമെന്നും പരാർത്ഥ ചിന്തയെന്നും പറയുന്നതു് വെറും മിഥ്യയല്ലെന്നു് തെളിയിക്കുവാനെങ്കിലും അവയെ നിലനിത്തേണ്ടതു് ആവശ്യമാകുന്നു.

ശ്രീകണ്ഠേശ്വര ക്ഷേത്രത്തിന്റെ ജൂബിലിയാഘോഷം പരമാവധി വിജയിച്ചു് ഈ ശ്രേഷ്ഠപാരമ്പര്യം നമ്മുടെ നാട്ടിൽ അസ്തമിച്ചിട്ടില്ല എന്നതിനു് ഏററവും നല്ല തെളിവായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.



Digitized by Kerala Sahitya Akademi